"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - റീബിൽഡ് കേരള, ഓഖി പുനരധിവാസ ത്തിന്റെ തുടർ പ്രവർത്തനങ്ങൾ എന്നിവയുടെ കാര്യക്ഷമമായ നിർവ്വഹണം -ഡയറക്ടേറ്റ് തലത്തിൽ പ്രോജക്ട് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.131/2019/മ.ത്.വ** തീയതി,തിരുവനന്തപുരം, 16/02/2019

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 22/12/2018-ലെ എ2/22908/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പിൻ കീഴിൽ റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ടും ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിലും താഴെ പറയുന്ന പ്രധാന പദ്ധതികൾ നടപ്പാക്കി വരികയാണ്.

1) മത്സ്യത്തൊഴിലാളികൾക്കുള്ള ലൈഫ് ജാക്കറ്റ് വിതരണം
2) കടൽ സുരക്ഷാ സേനയുടെ രൂപീകരണം
3) നാവിക് ഉപകരണങ്ങളുടെ വിതരണം
4) സാറ്റലൈറ്റ് ഫോൺ വിതരണം
5) സാഗര മൊബൈൽ ആപ്ലിക്കേഷൻ നടപ്പാക്കൽ
6) എഫ്.ആർ.പി ബോട്ടുകളുടെ വിതരണം

പ്രസ്തുത പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ഫിഷറീസ് ഡയറക്ടേറ്റ് തലത്തിൽ ഒരു സംസ്ഥാന തല പ്രോജക്ട് മോണിറ്ററിംഗ് സെൽ ഒരു വർഷത്തേയ്ക്ക് രൂപീകരിക്കുവാൻ പരാമർശിത കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ ശുപാർശ ചെയ്തു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഫിഷറീസ് വകുപ്പിൽ റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ടും ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിലും നടത്തി വരുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഫിഷറീസ് ഡയറക്ടേറ്റ് തലത്തിൽ ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സംസ്ഥാന തല പ്രോജക്ട് മോണി റ്ററിംഗ് സെൽ ഒരു ഒരു വർഷത്തെ കാലാവധി നിശ്ചയിച്ചുകൊണ്ട് രൂപീകരിച്ച് ഉത്തരവാകുന്നു.

1) ശ്രീമതി സന്ധ്യ.ആർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ- ടീം ലീഡർ
2) ശ്രീ.ലബീബ് കെ.എ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ , ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, മലമ്പുഴ
3) ശ്രീ.ഷിജു, ഫിഷറീസ് സബ് ഇൻസ്പെക്ടർ, വിഴിഞ്ഞം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്.

4) ശ്രീമതി സന്ധ്യ, ഫിഷറീസ് സബ് ഇൻസ്പെക്ടർ. ഫിർമ.
5) ശ്രീമതി സരിത, ടെക്നിക്കൽ അസിസ്റ്റന്റ്, ഫിർമ.
6) ശ്രീമതി ദീപ്തി, ഫിഷറീസ് സബ് ഇൻസ്പെക്ടർ, വിഴിഞ്ഞം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്.

ഫിർമ എക്സിക്യൂട്ടീവ് ഡയറക്ടറായി അന്യത്ര സേവനമനുഷ്ഠിക്കുന്ന ഫിഷറീസ് ജോയിന്റ് ഡയറക്ടറായ ശ്രീമതി സന്ധ്യ .ആർ, ടിയാളുടെ സേവനം ഫിർമ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലുള്ള ഉത്തരവാദിത്വ ങ്ങൾക്ക് ഭംഗം വരാതെ ടി പ്രോജക്ട് മോണിറ്ററിംഗ് സെല്ലിന്റെ ടീം ലീഡർ സ്ഥാനം കൂടി വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ലബീബ് കെ.എ, ഫിഷറീസ് സബ് ഇൻസ്പെക്ടർ മാരായ ശ്രീ.ഷിജു, ശ്രീമതി സന്ധ്യ,ശ്രീമതി ദീപ്തി ,ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി സരിത എന്നിവരുടെ ലാവണം അതാത് ഓഫീസുകളിൽ നിലനിർത്തിക്കൊണ്ട് ടി സെല്ലിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, ഐ.&പി.ആർ.ഡി. {ഗവ.വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി}
കരുതൽ ശേഖരം,ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.